(സി) ടി. ടി. പി.-യെ അപേക്ഷിച്ച് കെ. എം. എം. എൽ.-ൽ നിലവിലുള്ളത് കുറച്ചുകൂടി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയയാണ്. ടി. ടി. പി.-യിൽ അനട്ടേസ് ഗ്രേഡ് (സൾഫയിറ്റ് റൂട്ട്) ടൈറ്റാനിയം ഡയോക്സൈഡും കെ. എം. എം. എൽ.-ൽ റൂട്ടൈൽ ഗ്രേഡ് (ക്ലോറൈഡ് റൂട്ട്) ടൈറ്റാനിയം ഡയോക്സൈഡുമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഗുണനിലവാരമുള്ള പെയിന്റ് നിർമ്മാണത്തിന് റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡാണ് ഉപയോഗിക്കുന്നത്.

(ഡി) ടൈറ്റാനിയം ഡയോക്സൈഡിന്റെ വില ടണ്ണിന് 1700 ഡോളർ മുതൽ 1900 ഡോളർ വരെയാണ്. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന അനട്ടേസ് ഗ്രേഡിലുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇൻഡ്യയിലെ കസ്റ്റോള വില 55,000 മുതൽ 60,000 രൂപ വരെയാണ്.

(ഇ, എഫ്) ലോകവിപണിയിലെ കടുത്ത മത്സരം നേരിടാൻ വേണ്ടി ടി. ടി. പി. എൽ., കെ. എം. എം. എൽ. എന്നീ സ്ഥാപനങ്ങൾ ഉൽപ്പാദനച്ചെലവ് കുറച്ചു കൊണ്ടുവരികയും ഗുണനിലവാരം ഉയർത്തുകയും ചെയ്തിട്ടുണ്ട്. ടി. ടി. പി. എൽ.-ൽ അധികമുള്ള ജീവനക്കാരെ കുറച്ചുകൊണ്ടു വരുവാൻ വേണ്ടി ഒരു സ്വയം വിരമിക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കെ. എം. എം. എൽ.-ന്റെ സ്ഥാപിതശേഷിയായ 22,000 ടണ്ണിൽനിന്ന് പടിപടിയായി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടുവരുന്നതിനുള്ള നൂതന ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ഫലമായി ഇപ്പോൾ ഉൽപ്പാദനം വർഷത്തിൽ ഏകദേശം 30,000 ടൺ ആയി ഉയർന്നിട്ടുണ്ട്. ഇതുമൂലം ഉൽപ്പന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുകയും ലോകവിപണിയിൽ വിജയകരമായി മത്സരിക്കത്തക്ക രീതിയിൽ വില കുറച്ച് വിപണനം നടത്തുവാനും കമ്പനിക്കു കഴിയുന്നുണ്ട്.

സിമന്റ് പാത്ര നിർമ്മാണ വ്യവസായ യൂണിറ്റുകൾ

41 [3446] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് പാത്ര നിർമ്മാണ വ്യവസായത്തിനുള്ള എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ അവർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അവർക്ക് പാത്രങ്ങൾ ദൂരസ്ഥലത്തെത്തിക്കാനുള്ള വാഹനങ്ങൾക്കോ മറ്റ് വ്യവസായ ആവശ്യങ്ങൾക്കോ ലോൺ അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പലിശ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സാധാരണ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അർഹമായ മൂലധന സബ്സിഡി, മാർജിൻമണി തുടങ്ങിയ ആനുകൂല്യങ്ങൾ ഈ യൂണിറ്റുകൾക്കും അനുവദനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ യൂണിറ്റുകൾക്ക് വ്യാവസായികാവശ്യത്തിനായി വണ്ടി വാങ്ങുന്നതിനും മറ്റ് വ്യാവസായികാവശ്യങ്ങൾക്ക് പ്രധാനമായും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും അവയുടെ നിബന്ധനകൾക്ക് വിധേയമായി ലോൺ ലഭ്യമാണ്. അതിന്റെ പലിശ പ്രോജക്ടിന്റെ ചെലവ് തുകയ്ക്കനുസരിച്ച് അത്തരം ധനകാര്യസ്ഥാപനങ്ങളാണ് നിശ്ചയിക്കുന്നത്. എന്നാൽ പുതുതായി തുടങ്ങുന്ന നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു ചെറുകിട വ്യവസായ യൂണിറ്റിനെ സംബന്ധിച്ചിടത്തോളം ഈ സംരംഭം തുടങ്ങാനുള്ള പ്രോജക്ടിന് ബാങ്ക് നിഷ്കർഷിക്കുന്ന മാർജിൻമണിയുടെ 50% അല്ലെങ്കിൽ പ്രോജക്ട് ചെലവിന്റെ 20% ഇതിലേതാണോ കുറവ് അത് 2.5 ലക്ഷം രൂപയിൽ നിജപ്പെടുത്തി സീഡ് ക്യാപിറ്റൽ വായ്പ വ്യവസായ വകുപ്പ് നൽകുന്നുണ്ട്. ഇതിന്റെ വാർഷിക പലിശ 9 ശതമാനമാണ്.

അങ്കമാലി ടെൽക്കിലെ ശ്രീ. ഇമ്മാനുവലിനെ തിരിച്ചെടുക്കുവാൻ നടപടി

42 [3447] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടെൽകിലെ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനു[illegible]ൻ തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച ഹയർ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വീസിലിരിക്കെ ശ്രീ. ഇമ്മാനുവൽ പിടിച്ച കളവ്കേസ് സി. സി. 1469/8 പ്രകാരം കോടതിയിലെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ വസ്തുതകളും ഇമ്മാനുവലിന്റെ പിരിച്ചുവിടലും തമ്മിലുള്ള ബന്ധവും മറ്റും പരിശോധിക്കാമോ?

ഉത്തരം

(എ) ടെൽക്ക് ലിമിറ്റഡിൽ നിന്നും പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണമെന്ന് കാണിച്ച് ശ്രീ. കെ. വി. ഇമ്മാനുവൽ സമർപ്പിച്ച അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

43 [3448] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ള്യേരി, ബാലുശ്ശേരി, പനയ്ക്കാട്, നൻമണ്ട പഞ്ചായത്തുകളിൽ എത്ര ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly